**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3558** **22.08.2017-ൽ മറുപടിയ്ക്ക്**

## നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ അഡ്മിഷൻ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മെഡിക്കൽ അഡ്മിഷൻ നടത്തുമ്പോൾ മറ്റ് പരീക്ഷകൾക്ക് വേണ്ടി തയ്യാറാക്കുന്ന പ്രോസ്പെക്ടസിൽ മെഡിക്കൽ അഡ്മിഷന്റെ നിബന്ധനകൾ കൂടി കൃത്യമായി ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി തയ്യാറാക്കിയിട്ടുള്ള പൊതു പ്രോസ്പെക്ടസിൽ നീറ്റ് പരീക്ഷ സംബന്ധമായ കാര്യങ്ങളും എം.ബി.ബി.എസ് / ബി.ഡി.എസ് പ്രവേശനം സംബന്ധിച്ച പൊതുവായ കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രോസ്പെക്ടസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത് 2017 ജനുവരി മാസത്തിലാണ്. അതിനുശേഷം മെഡിക്കൽ/ദന്തൽ പ്രവേശനവുമായി ബന്ധപ്പെട്ട് ബഹു. കോടതിവിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലുള്ള പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വിജ്ഞാപനങ്ങളായി പുറപ്പെടുവിക്കാറുണ്ട്. |
| (ബി) എൻ .ആർ .ഐ അഡ്മിഷനുവേണ്ടി എത്ര വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; നിലവിലുള്ള വിജ്ഞാപനം ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ പ്രവേശനവുമായി ബന്ധപ്പെട്ട് 5 വിജ്ഞാപനങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.07.2017-ലെ വിജ്ഞാപനമാണ് നിലവിലുള്ളത്. |
| (സി) മൈനോറിറ്റി അഡ്മിഷനുവേണ്ടി മതസംഘടനകളുടെ ശുപാർശകൾ സ്വീകരിക്കണമെന്ന നിർദ്ദേശത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഈ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) മൈനോറിറ്റി ക്വാട്ട പ്രവേശനത്തിന് റവന്യൂ സർട്ടിഫിക്കറ്റിനോടൊപ്പം മത മേലദ്ധ്യക്ഷന്മാർ നൽകുന്ന അധിക സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന ഉത്തരവ് പിൻവലിച്ച് റവന്യൂ അധികാരിയിൽനിന്നുള്ള സർട്ടിഫിക്കറ്റ് മാത്രം ബാധകമാക്കിയിരുന്നു. എന്നാൽ ഇതിനെതിരെ ചില സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് നേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**